## കാർഷികമേഖലയെ സംരക്ഷിക്കാൻ

# കർഷകക്കൂട്ടായ്മ

സി.ഡി. സുനീഷ്

തിരുവമ്പാടി: ബഹുരാഷ്ട്രകുത്തകകളും സർക്കാരുകളും കർഷകവിരുദ്ധ നിലപാടുകൾ പിന്തുടരുന്നതിനാൽ കാർഷികമേഖല പട്ടിണിയിലേയ്ക്ക് നീങ്ങുകയാണെന്നും ഇതിനെതിരെ കർഷകകൂട്ടായ്മയും കാർഷികപ്രതിരോധവും അനിവാര്യമാണെന്ന് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെൻറ് (ഇൻഫാം) അഖിലേന്ത്യാ ചെയർമാൻ ഫാ. മാത്യു വടക്കേമുറി അഭിപ്രായപ്പെട്ടു.

കർഷകമുന്നേറ്റ സമിതി തിരുവമ്പാടി യൂണിറ്റ് വാർഷിക കൂട്ടായ്മയിൽ ആമുഖപ്രഭാഷണത്തിൽ കർഷകൻെറ ഉൽപ്പന്നങ്ങൾക്ക് വില നിയന്ത്രിക്കാൻ സാധിക്കാത്തവിധം കർഷകരുടെ പബ്ലിക്ക് ലിമിറ്റഡ് കമ്പനിയുണ്ടാക്കുവാനും ഇൻഫാം തീരുമാനിച്ചിട്ടുണ്ടെന്ന് ചെയർമാൻ പറഞ്ഞു. ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലേയും കർഷകർ സംഘടിക്കുകയും പൊതുവായ വിലപേശലിലൂടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് കർഷകർ തന്നെ വില നിയന്ത്രിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്ന കാലം വരികയാണെങ്കിൽ മാത്രമേ ഇനി കർഷകർക്ക് നിലനില്പ് പോലും സാധ്യമാകൂ. കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ചെറുതും വലുതുമായ പല കർഷക സംഘടനകളുടേയും കൂട്ടായ്മയാണ് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെൻറ്. കർഷകനേതാക്കളായ ടിക്കായത്ത്, നഞ്ചുണ്ടസ്വാമി തുടങ്ങിയവർ ഇൻഫാമിനോട് സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

കന്യാകുമാരിയിൽ നിന്നും കാശ്മീരിൽ നിന്നും പുറപ്പെടുന്ന രണ്ട് കർഷകജാഥകൾ ഫെബ്രുവരി 19ന് മുംബൈയിൽ സമാപിക്കുമ്പോൾ മുംബൈ തുറമുഖം ഉപരോധിച്ച് ഇന്ത്യൻ കാർഷിക ഇറക്കുമതിനയത്തിനെതിരെ പ്രതിഷേധിക്കും.

കേരളത്തിലെ കർഷകരിൽ നിന്നും 300 കോടി രൂപയുടെ ആസ്തിയിൽ തിരുവിതാംകൂർ കേന്ദ്രീകരിച്ച് റബ്ബർ അധിഷ്ഠിതവ്യവസായവും മലബാർ കേന്ദ്രീകരിച്ച് നാളികേര സംസ്കരണപ്ലാൻറും കാസർകോട് കേന്ദ്രീകരിച്ച് കശുവണ്ടി സംസ്കരണപ്ലാൻറും ആരംഭിക്കാൻ ഇൻഫാം പദ്ധതി ആസൂത്രണം ചെയ്യുന്നു.

കർഷകൻെറ ഉൽപ്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വിപണനമേളകൾ കണ്ടുപിടിച്ചുകൊണ്ട് ബഹുരാഷ്ട്ര-ദേശീയ കുത്തകകളെ നേരിടുകയാണ് ഇൻഫാമിൻെറ ലക്ഷ്യം. കാർഷിക ഉൽപ്പന്നങ്ങൾ ഗ്രേഡ് ചെയ്തും സംസ്കരിച്ചും മൂല്യവർദ്ധനവ് വരുത്തി വിദേശത്തേയ്ക്ക് കയറ്റി അയക്കുന്ന പദ്ധതിയും ഇൻഫാം ആസൂത്രണം ചെയ്യുന്നുണ്ടെന്ന് ഫാദർ വടക്കേമുറി വ്യക്തമാക്കി. മറ്റു സംസ്ഥാനങ്ങളിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളിൽ കേരളത്തിന് ആവശ്യമായുള്ളവ നേരിട്ട് സംഭരിച്ച് കർഷകസംഘങ്ങൾ വഴി വിതരണം ചെയ്യുവാനും നമ്മുടെ നാട്ടിലെ കാർഷികോല്പന്നങ്ങൾ അയൽ സംസ്ഥാനങ്ങളിലെ കർഷകസംഘങ്ങൾക്ക് നൽകുവാനും ഇൻഫാം ശ്രമിക്കും.

ഇറക്കുമതിവസ്തുക്കളും കുത്തകകളുടെ ഉല്പന്നങ്ങളും ബഹിഷ്കരിച്ചുകൊണ്ട് കർഷകപ്രതിരോധത്തിനിറങ്ങിയ കർഷകർ നിർമ്മാണരംഗത്തേയ്ക്ക് കടന്ന് സ്വദേശി ഉല്പന്നങ്ങളുടെ പ്രചാരകരായിത്തീർന്നിരിക്കുകയാണെന്ന് യോഗത്തിൽ പങ്കെടുത്ത കർഷകമുന്നേറ്റസമിതി ഡയറക്ടർ ഡോ. ആൻറണി കൊഴുവനാൽ വ്യക്തമാക്കി.

പോൾ ചമ്പക്കുളത്തിൻെറ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ജോസഫ് കുഞ്ഞി കളവട്ടം, സജീഷ് പുരയിടം, ബേബി പെരുമായിൽ എന്നിവർ സംസാരിച്ചു. കർഷകരുടെ സർഗ്ഗാത്മകമായ പ്രതിരോധം നിലനിൽപ്പിനായുള്ള അവസാന പോരാട്ടമാണ്. കാർഷികനയങ്ങളുടേയും വിപണിയുടേയും ഇരകളായ കർഷകരുടെ നിലനിൽപ്പിനായുള്ള പോരാട്ടം.

Regd. with the Registrar of Newspapers of India under No.